"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - നേർവഴിപദ്ധതി - സാമൂഹ്യനീതിവകുപ്പിൽ കരാർവ്യവസ്ഥയിൽ പ്രൊബേഷൻ അസ്സിസ്റ്റന്റ് തസ്തികയിൽ നിയമിതരായവരുടെ സേവനകാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.202/2024/SJD തീയതി,തിരുവനന്തപുരം, 17-08-2024

---

പരാമർശം:-

1. 01.08.2014-ലെ സ. ഉ. (സാധാ) നമ്പർ. 468/2014/സാ.നീ.വ സർക്കാർ ഉത്തരവ്
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26.11.2022-ലെ എസ്.ജെ.ഡി/4335/2021-ഇ7 നമ്പർ നടപടി ഉത്തരവ്.
3. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 16.11.2023, 05.02.2024 എന്നീ തീയതികളിലെ എസ്.ജെ.ഡി/4335/2021-ഇ7 നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാനത്ത് പ്രൊബേഷൻ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 പ്രകാരം സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കിവരുന്ന നേർവഴി പദ്ധതിയുടെ ഭാഗമായി കോട്ടയം, കൊല്ലം പ്രൊബേഷൻ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ പ്രൊബേഷൻ അസിസ്റ്റൻറുമാരായി പരാമർശം 2 പ്രകാരം നിയമിതരായ ശ്രീമതി. ജിന്റു മോൾ ബേബി (11.11.2022 മുതൽ 10.11.2023 വരെ, പ്രൊബേഷൻ ഓഫീസ്, കോട്ടയം), ശ്രീ. സ്മിജിൻ ദത്ത് (03.12.2022 മുതൽ 02.12.2023 വരെ, പ്രൊബേഷൻ ഓഫീസ്, കൊല്ലം) എന്നിവരുടെ കരാർകാലാവധി അവസാനിച്ചതിനാൽ കാലാവധി തീരുന്നമുറയ്ക്ക് ഒരു ദിവസത്തെ ബ്രേക്ക് നൽകി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുനൽകണമെന്ന് പരാമർശം 3-പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന്റെകീഴിലുള്ള കോട്ടയം, കൊല്ലം ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ പ്രൊബേഷൻ അസിസ്റ്റന്റ് തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം ലഭിച്ചിരുന്ന ശ്രീമതി. ജിന്റുമോൾ ബേബി (11.11.2022 മുതൽ 10.11.2023 വരെ, പ്രൊബേഷൻ ഓഫീസ്, കോട്ടയം), ശ്രീ. സ്മിജിൻ ദത്ത് (03.12.2022 മുതൽ 02.12.2023 വരെ, പ്രൊബേഷൻ ഓഫീസ്, കൊല്ലം) എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേക്കുകൂടി ഉത്തരവുതീയതി പ്രാബല്യത്തിൽ ദീർഘിപ്പിച്ചുനൽകുന്നതിന് സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(ഓഡിറ്റ്/എ&ഇ),തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 19-08-2024 10:48:47
സെക്ഷൻ ഓഫീസർ